"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ് -കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ചെയർമാന്റെ പേരിൽ തിരുവനന്തപുരം ജില്ലയിലെ അമ്പലമുക്കിന് സമീപമുള്ള 28.753 സെന്റ് സ്ഥലം കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ചെയർമാന്റെ പേരിൽ നിലനിർത്തികൊണ്ട് "ഇൻഡസ്ട്രിയൽ എൻക്ലേവ്" എന്ന പേരിൽ ഒരു ഓഫീസ് സമുച്ചയം പണിയുന്നതിന് റൂട്രോണിക്സിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.782/2025/ID    തീയതി,തിരുവനന്തപുരം, 01-07-2025

---

പരാമർശം:-

1. 01.11.2022 തീയതിയിലെ സ.ഉ (കൈ) നം.113/2022/വ്യവ നമ്പർ സർക്കാർ ഉത്തരവ്
2. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയുടെ 27.06.2024 തീയതിയിലെ KB.4160/14/CO-OP നമ്പർ കത്ത്
3. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 13-11-2024 തീയതിയിൽ നടന്ന യോഗ തീരുമാനം.

<u>ഉത്തരവ്</u>

കേരള ഖാദിഗ്രാമ വ്യവസായ ബോർഡ് ചെയർമാന്റെ പേരിൽ തിരുവനന്തപുരം ജില്ലയിൽ അമ്പലമുക്കിന് സമീപമുള്ള 28.753 സെന്റ് സ്ഥലം ഖാദി ഗ്രാമ വ്യവസായ ബോർഡ് ചെയർമാന്റെ പേരിൽ നിലനിർത്തികൊണ്ട് "ഇൻഡസ്ട്രിയൽ എൻക്ലേവ്" എന്ന പേരിൽ ഒരു ഓഫീസ് സമുച്ചയം പണിയാൻ സൂചന (1) പ്രകാരം കിൻഫ്രയെ ചുമതലപ്പെടുത്തിയിരുന്നു. കിൻഫ്രയുടെ ടെക്നിക്കൽ ടീം അമ്പലമുക്കിലുള്ള പ്രസ്തുത സ്ഥലം പരിശോധിക്കുകയും ടി സ്ഥലത്ത് 7 നിലകളിലായി 4500 $M^2$ plinth area-ൽ ഓഫീസ് കോംപ്ലക്സ് പണിയാമെന്നും ആയതിന് ഏകദേശം 19 കോടി രൂപ ചെലവ് വരുമെന്നും കൂടാതെ കിൻഫ്രക്ക് ചില സാങ്കേതിക പ്രശ്നങ്ങൾ ഉള്ളതിനാൽ മറ്റൊരു കൺസൽട്ടന്റിനെ വിനിയോഗിച്ച് ടി പ്രൊജക്ട്സ് പൂർത്തീകരിക്കാനും നിർദ്ദേശിച്ചിരുന്നുവെന്നും  കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ചെയർമാന്റെ പേരിൽ ടി വസ്തു നിലനിർത്തികൊണ്ട് ഖാദി ബോർഡിനും, റൂട്രോണിക്സിനും കേരള ഖാദി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിനും പ്രയോജനപ്പെടത്തക്ക രീതിയിൽ അവരവരുടെ ഫണ്ട് വിനിയോഗിച്ച് 3 നിലകൾ ഉള്ള ബിൽഡിംഗ് പണിയാവുന്നതാണെന്നും സൂചന (2) പ്രകാരം ഖാദി ബോർഡ് സെക്രട്ടറി ശിപാർശ ചെയ്തിരുന്നു.

2. ടി വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും തിരുവനന്തപുരം ജില്ലയിലെ അമ്പലമുക്കിന് സമീപമുള്ള കടപ്പനക്കുന്ന് വില്ലേജിൽ സർവ്വേ 157ൽ-പ്പെട്ട 28.753 സെന്റ് സ്ഥലം ഭൂമിയുടെ ഉടമസ്ഥാവകാശം കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ചെയർമാന്റെ പേരിൽ

നിലനിർത്തി കൊണ്ട് ടി ഭൂമിയിൽ കെട്ടിടം പണിയുന്നതിനുള്ള അനുമതി റ്റൂട്രോണിക്സിന് നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, റ്റൂട്രോണിക്സ്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&.ഇ)/ആഡിറ്റ്), തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കെ-ബിപ്പ്, തിരുവനന്തപുരം.
ഐ&പി.ആർ.ഡി web.
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Simi Jose V
Date: 01-07-2025 16:21:28
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു: വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസിന്
വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്